ഖുത്വ്ബ നമ്പർ
20
18-05-2012

بسم الله الرحمن الرحيم O نحمده ونصلي علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ജുമുഅ ഖുത്വ്ബ
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ഖലീഫത്തുൽ മസീഹ് അൽഖാമിസ് ايده الله تعالىٰ بنصره العزيز
വിവർത്തനം: സുൽത്താൻ നസീർ വാണിയമ്പലം



# മുത്തഖി ആയിത്തീരാനുള്ള മാർഗങ്ങൾ

ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്ത് ഹോളണ്ടിന്റെ ജൽസാ സാലാന ആരംഭിക്കുകയാണ്. അല്ലാഹു ഒരിക്കൽ കൂടി എനിക്ക് ഇവിടെ ഹോളണ്ടിലെ ജൽസയിൽ പങ്കെടുക്കാനുള്ള തൗഫീഖ് നൽകിയിരിക്കുന്നു. ഈ ജൽസ യഥാർഥ പ്രോഗ്രാം അനുസരിച്ച് അടുത്ത ആഴ്ചയാണ് നടക്കേണ്ടിയിരുന്നത്. എന്നാൽ ഞാൻ പങ്കെടുക്കണമെന്ന ആഗ്രഹത്താൽ എന്റെ പ്രോഗ്രാം നോക്കി ഹോളണ്ട് ജമാഅത്ത് ഒരാഴ്ച മുമ്പ് തന്നെ പ്രോഗ്രാം തയ്യാറാക്കി. വളരെ ചുരുങ്ങിയ കാലയളവിനുള്ളിലാണ് ഈ പ്രോഗ്രാം തയ്യാറാക്കിയിരിക്കുന്നത്.

തീർച്ചയായും ഹോളണ്ട് ഒരു ചെറിയ രാജ്യമാണ്. അതുപോലെതന്നെ ജമാഅത്തും ചെറുതാണ്. പെട്ടെന്ന് തന്നെ അറിയിക്കാൻ സാധിക്കുന്നതാണ്. എന്നിരുന്നാലും ഈ പ്രോഗ്രാമിലുള്ള മാറ്റം നിങ്ങൾ വളരെ അധികം സന്തോഷത്തോടുകൂടിയാണ് ചെയ്തത്. വളരെ എളുപ്പത്തിലാണ് ചെയ്തത്. സ്ഥലത്തിന്റെ പ്രശ്നമുണ്ടായിരുന്നു. ഈ സ്ഥലം വളരെയധികം ഇടുങ്ങിയതാണ്. വാടകക്ക് എടുത്തിരുന്ന ഹാൾ ഈ ദിവസത്തിൽ ലഭിക്കുന്നുണ്ടായിരുന്നില്ല. എന്നിരുന്നാലും നല്ല ഒരു സംവിധാനം ഒരുക്കിയിരിക്കുന്നു. എന്നാൽ ചില പ്രവർത്തനപരമായ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ടാവാം. അതുകാരണം ഒരു പക്ഷെ നിങ്ങൾക്ക് ചില നിസ്സാര ബുദ്ധിമുട്ടുകളിലൂടെ കടന്ന് പോകേണ്ടതായി വന്നിട്ടുണ്ടാവാം. സാഹചര്യം മനസ്സിലാക്കി ഈ ബുദ്ധിമുട്ടുകൾ സഹിക്കുക. ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ, മാശാ അല്ലാഹ് എല്ലാവിധത്തിലും സുഖക്ഷേമമൊരുക്കുന്നതിനായി അങ്ങേയറ്റത്തെ പരിശ്രമം നടത്തുന്നുണ്ട് എന്ന പ്രതീക്ഷ എനിക്കുണ്ട്. ഇപ്പോൾ ലോകത്ത് ചെറിയ ജമാഅത്തുകൾ ആയാലും വലിയ ജമാഅത്തുകൾ ആയാലും അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജൽസാ സാലാനയും വലിയ ഇജ്തിമാകളും എല്ലാ സംവിധാനങ്ങളും നടപ്പിൽ വരുത്തുന്നതിന്നായി എല്ലായിടങ്ങളിലും ടീം തയ്യാറായിരിക്കുന്നു. അവർ സന്തോഷത്തോടെ അതിഥികളുടെ എല്ലാവിധത്തിലുമുള്ള സേവനത്തിനായി എല്ലായിപ്പോഴും തയ്യറായിരിക്കും. ഇനി അതിഥികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അതിഥികളാണെങ്കിൽ, അദ്ദേഹത്താൽ സ്ഥാപിതമായ വ്യവസ്ഥിതിയുടെ ക്ഷണമനുസരിച്ച് വന്ന അതിഥികളാണെങ്കിൽ അവരുടെ സേവനം പ്രത്യേകിച്ച് എല്ലാവിധത്തിലുമുള്ള ശരീരേച്ഛകളേയും വെടിഞ്ഞുകൊണ്ടാണ് നമ്മുടെ ഉദ്യോഗസ്ഥർ ചെയ്യുന്നത്. അല്ലാഹു എല്ലാ ഉദ്യോഗസ്ഥർക്കും തുടർന്നും എല്ലായിപ്പോഴും ഈ വിധത്തിലുള്ള ശരീരേച്ഛയെ വെടിഞ്ഞുള്ള സേവനത്തിന് തൗഫീഖ് നൽകിക്കൊണ്ടേയിരിക്കട്ടെ. അവർക്ക് ഉത്തമമായ പ്രതിഫലം നൽകുമാറാകട്ടെ. ഇനി അഥവാ എവിടെയെങ്കിലും എന്തെങ്കിലും കുറവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവരുടെ കുറവുകൾ മറച്ചുവെക്കുമാറാകട്ടെ.

അതിഥികളും ജലസയിൽ പങ്കെടുക്കുന്നവരും കുറ്റവും കുറവും കണ്ടെത്തുന്നതിനുപകരമായി ജൽസാ സാലാനയിൽ പങ്കെടുക്കുന്നതിന്റെ യഥാർത്ഥ ഉദ്ദേശവും ജലസാസാലാനയുടെ ലക്ഷ്യവും മുന്നിൽ വെക്കേണ്ടതാണ്. ആ ലക്ഷ്യം ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയം വിവരിച്ചിട്ടുള്ളത്. അത് ബൈഅത്തിന്റെ ഉദ്ദേശ്യം തന്നെയാണ്. ബൈഅത്ത് ചെയ്തതിനുശേഷം ഭൗതിക കെട്ടുപാടുകളിൽ കുടുങ്ങി പൊതുവിൽ മനുഷ്യൻ തന്റെ യഥാർഥ ലക്ഷ്യം മറന്നുപോകുന്നു. അതുകൊണ്ട് തന്നെ അല്ലാഹു കൂടെക്കൂടെ ഉപദേശിക്കുന്നത് നിർബന്ധമാക്കിയിരിക്കുന്നു. ഇതുമുഖേന ഹൃദയത്തിൽ ഈമാനുള്ള ഓരോ വ്യക്തിയും പ്രയോജനം ലഭിക്കുന്നു. അല്ലാഹു പറയുന്നു.

فَاِنَّ الذِّكْرٰى تَنْفَعُ الْمُؤْمِنِيْنَ

തീർച്ചയായും ഉപദേശം വിശ്വാസികൾക്ക് പ്രയോജനം ചെയ്യുന്നു.

ഈ ജലസയും ഉപദേശത്തിനും ഓർമ്മപ്പെടുത്തലിനും വേണ്ടിയാണ് സംഘടിപ്പിക്കുന്നത്. ഈ ജലസ ലോകത്ത് മുഴുവൻ സംഘടിപ്പിക്കുന്നതും ഇതിനുവേണ്ടിയാണ്. ഈ കാലഘട്ടത്തിലെ ഇമാമിന്റെ ബൈഅത്തിൽ വന്ന് ഇനി നിങ്ങളുടെ പ്രതിജ്ഞയെ നിങ്ങളുടെ, ബൈഅത്തിന്റെ പ്രതിജ്ഞയെ ഓർക്കുകയെന്ന് പറഞ്ഞുതരുന്നതിന് വേണ്ടിയാണ് സംഘടിപ്പിക്കുന്നത്. അഥവാ ഭൗതികമായ തിരക്കുകൾ കാരണം ഏതെങ്കിലും ബലഹീനതകൾ ഉണ്ടായിട്ടുണ്ട് എങ്കിൽ ഇനി പുതിയ രീതിയിൽ ഉപദേശങ്ങൾ ശ്രവിച്ച് വൈജ്ഞാനികവും തർബിയ്യത്ത്പരവുമായ ഉപദേശങ്ങളും നിർദേശങ്ങളും പ്രഭാഷണങ്ങൾ ശ്രവിച്ച് തങ്ങളുടെ മതപരമായ അവസ്ഥയിലേക്ക് ശ്രദ്ധിക്കുക. പരസ്പരം കൂടിയിരുന്ന് കൊണ്ട് ഒരാൾ മറ്റൊരാളുടെ നന്മയെ സ്വാംശീകരിക്കാൻ പരിശ്രമിക്കുക. തിൻമകളെ ദൂരീകരിക്കുക.

എല്ലായിപ്പോഴും ഓർത്തുകൊള്ളുക, ജലസക്കിടയിൽ തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളിലേക്ക് ശ്രദ്ധിക്കരുത്. മറിച്ച് എല്ലാ പ്രോഗ്രാമുകളും കേൾക്കുമ്പോഴും അതിന് ശേഷവും കൂടുതൽ സമയവും ദുആയിലും ദൈവസ്മരണയിലും കഴിച്ചുകൂട്ടുന്നതിനായി പരിശ്രമിക്കേണ്ടതാണ്. ഞങ്ങൾ ഈ ആത്മീയ ചുറ്റുപാടിൽ ഒന്ന് രണ്ട് ദിവസം കഴിച്ചുകൂട്ടി തങ്ങളുടെ ബൈഅത്തിന്റെ പ്രതിജ്ഞ പരിഷ്ക്കരിക്കുകയാണ് എന്ന ചിന്തയോട് കൂടിയായിരിക്കണം പങ്കെടുക്കേണ്ടത്. ഇതുമുഖേന തങ്ങളുടെ ഈമാൻ കൂടുതൽ ദൃഢമാക്കുന്നതിനും തഖ്‌വയിൽ പുരോഗമിക്കുന്നതിനുവേണ്ടി. ഈ ലക്ഷ്യം കരസ്ഥമാക്കുന്നതിനായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ നിർദ്ദേശം എല്ലായിപ്പോഴും മുന്നിൽ വെക്കുക. അവിടുന്ന് പറയുന്നു.

ഈ വിനീതനിൽ ബൈഅത്ത് ചെയ്ത് ഈ ജമാഅത്തിൽ പ്രവേശിക്കുന്ന എല്ലാ ആത്മാർത്ഥരിലും ബൈഅത്ത് ചെയ്തതിന്റെ ഉദ്ദേശ്യം ഭൗതികതയോടുള്ള സ്നേഹം തണുത്ത് പോകുക എന്നതാണെന്ന് പ്രകടമാകേണ്ടതാണ്. തങ്ങളുടെ യജമാനനോടും റസൂൽ(സ) തിരുമേനിയോടുമുള്ള സ്നേഹം ഹൃദയത്തിൽ അധീശത്വം നേടുകയും ചെയ്യേണ്ടതാണ്. ആഖിറത്തിലേക്കുള്ള യാത്ര ഒരിക്കലും അനിഷ്ടകരമായി തോന്നാത്ത രീ

തിയിൽ ഭൗതികതയോടുള്ള ഒരു വിച്ഛേദനത്തിന്റെ അവസ്ഥ ഉണ്ടായിത്തീരേണ്ടതാണ്.

ഈ ജലസ നമ്മെ സംബന്ധിച്ചെടുത്തോളം ഈ നിലവാരം സ്വായത്തമാക്കുന്നതിനായുള്ള മാർഗമായി മാറേണമെന്ന് നമ്മിൽ ഓരോരുത്തരും ഓർത്തിരിക്കേണ്ടതാണ്. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുകയെന്ന ചിന്ത ഈ ജലസയിൽ കൂടുതൽ തിളക്കമുള്ളതാക്കിത്തീർക്കേണ്ടതാണ്. അല്ലാഹുവും റസൂലും നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത് എന്ന് നാം എപ്പോഴാണോ അറിയുന്നത് അപ്പോൾ മാത്രമേ അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം മറ്റെല്ലാ സ്നേഹങ്ങളുടേയും മേൽ അധീശത്വം നോടുകയുള്ളൂ. കേവലം അല്ലാഹുവും അവന്റെ റസൂലും നമ്മിൽ നിന്ന് എന്താണ് ആഗ്രഹിക്കുന്നത് എന്നത് നാം അറിഞ്ഞാൽ മാത്രം പോരാ. മറിച്ച് ഈ കാരണങ്ങൾ അറിഞ്ഞ് കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. പിന്നീട് അത് സ്വായത്തമാക്കുന്നതിനായി കഠിനമായി പരിശ്രമിക്കേണ്ടതാണ്. സ്ഥായിയായ പരിശ്രമം ഉണ്ടാവേണ്ടതാണ്. ഈ കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമ്പോൾ ആയിരിക്കും ആഖിറത്തിലേക്കുള്ള യാത്ര മനുഷ്യന് അനിഷ്ടകരമായി തോന്നാത്ത അവസ്ഥ ഉണ്ടായിത്തീരുക.

ഒരു ദിവസമല്ലെങ്കിൽ മറ്റൊരു ദിവസം എല്ലാ മനുഷ്യരും ഈ ലോകത്ത് നിന്ന് പോകേണ്ടവരാണ്. നമ്മളിൽ നിന്ന് അല്ലാഹുവിന്റെ പ്രതീക്ഷയോടും സ്നേഹത്തോടും കൂടി ഈ ലോകത്ത് നിന്ന് പോവുകയും അവന്റെ സമക്ഷത്തിൽ ഹാജരാവുകയും ചെയ്യുന്നവർ സൗഭാഗ്യവാന്മാരായിരിക്കും. ഈ കാര്യം നമ്മിൽ ഓരോരുത്തരും ഓർത്തിരിക്കേണ്ടതാണ്. മനുഷ്യൻ നന്മയിൽ ചരിക്കാനും തിൻമയെ വെടിയാനുമുള്ള ചിന്ത അപ്പോഴായിരിക്കും ശക്തമായ നിലയിൽ ഉണ്ടാവുക. എപ്പോഴാണോ അവന് ഞാൻ എന്നെങ്കിലും ഒരു ദിവസം അല്ലാഹുവിന്റെ മുന്നിൽ ഹാജരാകണം എന്ന ദൃഢവിശ്വാസം ഉണ്ടാകുന്നത്. അവിടെവെച്ച് എന്നോട് എന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ചോദിക്കപ്പെടും. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

يَاَيُّهَا الَّذِيۡنَ اٰمَنُوا اتَّقُوا اللّٰهَ وَلۡتَنۡظُرۡ
نَفۡسٌ مَّا قَدَّمَتۡ لِغَدٍ ۚ وَاتَّقُوا اللّٰهَ ؕ
اِنَّ اللّٰهَ خَبِيۡرٌۢ بِمَا تَعۡمَلُوۡنَ ﴿۱۹﴾

വിശ്വസിച്ചവരെ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നാളേക്ക് വേണ്ടി താൻ ഒരുക്കിവെച്ചിട്ടുള്ളത് എന്തെല്ലാമാണെന്ന് ഓരോ ആത്മാവും ചിന്തിച്ച് നോക്കട്ടെ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷമമായി അറിവുള്ളവനാകുന്നു.

നിങ്ങൾ പൂർണ്ണമായും അല്ലാഹുവിന്റേതായിത്തീരുകയും അവന്റെ തഖ്‌വ സ്വായത്തമാക്കുന്നവരായിത്തീരുകയും ചെയ്യുമ്പോഴായിരിക്കും നിങ്ങളുടെ ഈമാൻ പൂർണ്ണമാവുക എന്ന് അല്ലാഹു ഇവിടെ വ്യക്തമായ നിലയിൽ വിവരിച്ചിരിക്കുന്നു. ഒരു യഥാർഥ മുഅ്മിന്ന് തഖ്‌വ സ്വായത്തമാകുന്നത് അടുത്ത ലോകത്തിലേക്കായി അവൻ എന്താണ് കരുതിവെച്ചിരിക്കുന്നത് എന്നും, യഥാർഥവും സ്ഥായിയായിട്ടുള്ളതുമായ ജീവിതത്തിന് വേണ്ടി എന്ത് പരിശ്രമമാണ് നടത്തിയിട്ടുള്ളത് എന്നും അവൻ നോക്കുമ്പോഴാണ്.

ഈ ലോകത്തിനായി മനുഷ്യൻ പരിശ്രമിക്കാറുണ്ട്. വളരെ ശുഷ്കാന്തിയോടുകൂടി ജോലി അന്വേഷിക്കുന്നു. വ്യാപാരത്തിനായി പരിശ്രമിക്കുന്നു. സ്വത്ത് ഉണ്ടാക്കുന്നതിനായി അദ്ധ്വാനിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നു. തങ്ങളുടെ കുട്ടികളുടെ ഭൗതിക വിദ്യാഭ്യാസത്തിന്നായി വ്യാകുലചിത്തരായിക്കൊണ്ട് പരിശ്രമിക്കുന്നു. ഒരുപാട് ഭൗതിക പ്രവർത്തനങ്ങൾക്കായി പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കാറുണ്ട്. ഈ ഭൗതികമായിട്ടുള്ള കാര്യങ്ങൾക്കായി അല്ലാഹുവിൽ വിശ്വാസമുള്ള ഒരാൾ പരിശ്രമത്തോടൊപ്പം ഒരു പരിധിവരെ ദുആയും ചെയ്യുന്നു. മറ്റുള്ളവരെക്കൊണ്ട് ദുആ ചെയ്യിക്കുകയും ചെയ്യുന്നു. എനിക്ക് ദിവസേന അനേകം കത്തുകൾ ഇത്തരത്തിലുള്ള ഭൗതിക ലക്ഷ്യങ്ങൾ കരസ്ഥമാകുവാൻ ദുആ ചെയ്യുന്നതിനായി വന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ എഴുതുന്നവരിൽ ചിലർ സ്വയം ഭൗതിക ജോലികളിൽ മുഴുകിയിരിക്കുകയും അഞ്ചുനേര നമസ്ക്കാരം പോലും മുഴുവനായും നമസ്ക്കരിക്കാത്തവരുമായിരിക്കും. ഇനി അഥവാ നമസ്കരിക്കുന്നുണ്ടെങ്കിൽ തന്നെ പെട്ടെന്ന് കുത്തിമറിഞ്ഞ് നമസ്കരിക്കുന്നു. എന്നാൽ ദുആക്കായി വളരെ വേദനാജനകമായ അവസ്ഥ ഉണ്ടാക്കി കത്തുകൾ എഴുതുന്നു. അതും ഭൗതിക കാര്യങ്ങൾക്കായി. ദുആയുടെ പ്രാധാന്യം എന്താണെന്ന വിഷയം ഞാൻ ശേഷം വിവരിക്കുന്നതായിരിക്കും. ഇവിടെ ഞാൻ പറഞ്ഞ് വന്നത്, മനുഷ്യൻ ഭൗതിക ജോലികൾക്കായി ഒരുപാട് കാര്യങ്ങൾ ചെയ്യുന്നു.

ഈ കാലഘട്ടത്തിനെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു എന്നത് ഒരു അഹ്മദിയുടെ വാദവുമാണ്. അദ്ദേഹം എനിക്ക് ഒരിക്കൽ കൂടി ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തിതന്നിരിക്കുന്നു എന്നും അവർ വാദിക്കുന്നു. എന്നാൽ ഒരഹ്മദി മുസ്‌ലിമിന് ഉണ്ടായിരിക്കേണ്ട തഖ്‌വയുടെ ആ നിലവാരം സ്വായത്തമാക്കാറില്ല. അല്ലെങ്കിൽ സ്വായത്തമാക്കാൻ ശ്രമിക്കാറില്ല. മരിച്ചതിന് ശേഷം അല്ലാഹു നിങ്ങളുടെ ഭൗതിക പുരോഗതിയെക്കുറിച്ച് ചോദിക്കും എന്ന് പറഞ്ഞിട്ടല്ല. മറിച്ച് പറഞ്ഞത് തഖ്‌വ സ്വായത്തമാക്കുക. നിങ്ങൾ നാളെക്കുവേണ്ടി, ആ നാളെക്കുവേണ്ടി, ആ വരാനിരിക്കുന്ന ജീവിതത്തിന് വേണ്ടി, അതായത് നിങ്ങളുടെ മരണത്തിന് ശേഷം തുടങ്ങുന്നതിന് വേണ്ടി, അത് സ്ഥായിയായ ജീവിതമാണ്, അതിന് വേണ്ടി നിങ്ങൾ എന്താണ് കരുതിവെച്ചിട്ടുള്ളത്. ഈ ലോകത്തിലെ സമ്പാദ്യം, ഈ ലോകത്തിലെ ബാങ്ക് ബാലൻസ് ഈ ലോകത്തിലെ സ്വത്ത്, സന്താനങ്ങൾ,പ്രിയപ്പെട്ടവർ,ബന്ധുക്കൾ, എല്ലാവരും ഇവിടെ അവശേഷിക്കും. അവരെക്കുറിച്ച് അല്ലാഹു ഒന്നുംതന്നെ ചോദിക്കുകയില്ല. അല്ലാഹു ചോദിക്കുന്നത് ഞാൻ ചെയ്യാനായി കൽപിച്ച ഏതെല്ലാം സൽപ്രവർത്തികളാണ് നീ ചെയ്തിട്ടുള്ളത് എന്നായിരിക്കും. ഏതെല്ലാം നന്മകൾ നാം പ്രവർത്തിച്ചിട്ടുണ്ടോ, ഏതെല്ലാം സൽപ്രവർത്തി നാം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി ചെയ്തിട്ടുണ്ടോ, ഏതെല്ലാം പ്രവർത്തികൾ നാം തഖ്‌വയിൽ ചരിച്ചുകൊണ്ട് ചെയ്തിട്ടുണ്ടോ ഏതുവരെ നാം അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നതിനായി പരിശ്രമിച്ചിട്ടുണ്ടോ അത് അല്ലാഹുവിന്റെ സന്നിധിയിൽ ഉണ്ടായിരിക്കും. അല്ലാഹു പറയുന്നു. എന്നിലേക്ക് നിങ്ങളുടെ ഈ സമ്പത്ത് എത്തിച്ചേരുകയില്ല. മറിച്ച് തഖ്‌വയായിരിക്കും എത്തിച്ചേരുക. അതുകൊണ്ട് എല്ലായ്പ്പോഴും ഈ കാര്യം മുന്നിൽ വെക്കുക. നിങ്ങൾ പ്രവർത്തിക്കുന്ന ഓരോ പ്രവർത്തിയും അത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റണം എന്ന ചിന്താഗതിയോടെയാണെങ്കിലും അല്ലെങ്കിൽ അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റണം എന്ന ചിന്തയോടുകൂടിയാണെങ്കിലും അവയെല്ലാം പൂർണമായും തഖ്‌വയുടെ മാർഗത്തിൽ ചരിച്ച് കൊണ്ടാണെങ്കിൽ ആ പ്രവർത്തി അതിനെക്കുറിച്ച് തന്നെയാണ് നിങ്ങൾ നാളേക്ക് വേണ്ടി എന്താണ് കരുതി വെച്ചിട്ടുള്ളത് എന്ന് നോക്കുക എന്ന് അല്ലാഹു പറയുന്നത്. ആ പ്രവർത്തികൾ തന്നെയാണ് അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകാര്യതയുടെ സ്ഥാനം കരസ്ഥമാക്കുന്നത്.

അല്ലാഹുവിനോടുള്ള തഖ്‌വയെ മുൻനിർത്തി ദാസൻ ചെയ്യുന്ന ഏത് പ്രവർത്തനത്തിനും അല്ലാഹുവിന്റെ സമക്ഷത്തിൽ നിന്ന് അതിനുള്ള പ്രതിഫലം ലഭിക്കുന്നതായിരിക്കും. അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. അല്ലാഹു നമ്മുടെ ഓരോ പ്രവർത്തിയുടെയും നിയ്യത്തിനെക്കുറിച്ചും ഓരോ പ്രവർത്തനത്തെക്കുറിച്ചും അറിയുന്നവനാണ്. അവനറിയാം നമ്മുടെ പ്രവർത്തനം എന്താണ്? ആ പ്രവർത്തനം കൊണ്ടുള്ള നമ്മുടെ ഉദ്ദേശ്യം എന്താണ്? അതുകൊണ്ടാണ് റസൂൽ തിരുമേനി(സ) പറഞ്ഞത് പ്രവർത്തനങ്ങളുടെ അടിസ്ഥാനം നിയ്യത്തിലാണ് എന്ന്. ഏതൊരു പ്രവർത്തനത്തിന്റെ ഉദ്ദേശ്യം ശാദ്ധമാണോ ഏതൊരു പ്രവർത്തനം അല്ലാഹുവിനോടുള്ള തഖ്‌വ ഹൃദയത്തിൽ വെച്ച്കൊണ്ട് ചെയ്തുവോ അതായിരിക്കും അല്ലാഹുവിന്റെ പക്കൽ സ്വീകാര്യമാവുക.

അല്ലാഹുവിനോടുള്ള കടമ നിറവേറ്റലിൽ ഏറ്റവും പ്രധാനപ്പെട്ടത് നമസ്ക്കാരമാണ്. അല്ലാഹു തന്നിൽ വിശ്വസിച്ചതിന് ശേഷം രണ്ടാമത്തെ പ്രധാനപ്പെട്ട നിബന്ധനയായി നിശ്ചയിച്ചിരിക്കുന്നത് നമസ്ക്കാരത്തിന്റെ നിലനിർത്തലാണ്. എന്നാൽ മറ്റൊരു സ്ഥലത്ത് നമസ്ക്കരിക്കുന്നവരെ വളരെ ശക്തമായ നിലയിൽ ഭയപ്പെടുത്തുകയും താക്കീത് ചെയ്യുകയും ചെയ്തിട്ടുണ്ട്. പറയുന്നു.

فَوَيْلٌ لِّلْمُصَلِّينَ ۝ നമസ്ക്കാരക്കാർക്ക് നാശം.

അതായത് നമസ്കാരത്തിന്റ ഉത്തരവാദിത്വം നിറവേറ്റാത്ത നമസ്കാരക്കാർക്ക്. അവർ തഖ്‌വയില്ലാതെ നമസ്കരിക്കുന്ന ആളുകളാണ്. അല്ലാഹു ആലിമുൽ ഗൈബാണ്. അവൻ ഖബീറും അലീമുമാണ്. അവന് എല്ലാ അദൃശ്യ കാര്യങ്ങളെക്കുറിച്ചും അറിയാം. അവന് എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയാം. നിയ്യത്തിനെക്കുറിച്ചും അറിയാം. നമസ്കരിക്കുന്ന അവസ്ഥയെക്കുറിച്ചും അറിയാം. തഖ്‌വ ശൂന്യമായ നമസ്കാരങ്ങൾ അവൻ തിരിച്ചയക്കുന്നു. നമ്മിൽ ഓരോരുത്തരും വളരെയധികം ഭയത്തോട് കൂടി തങ്ങളുടെ നമസ്കാരങ്ങൾ അനുഷ്ടിക്കാൻ പരിശ്രമിക്കേണ്ടതാണ്. നമ്മുടെ ജീവിതലക്ഷ്യമായി അല്ലാഹു പറയുന്നത് അവനെ ആരാധിക്കുക എന്നതാണ്. ഒരു ലക്ഷ്യം ഉണ്ടെങ്കിൽ അത് സ്വായത്തമാക്കുന്നതിനായി ഒരുപാട് പരിശ്രമിക്കുകയും ചെയ്യേണ്ടതായി വരും എന്ന് അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. അല്ലാഹു പറയുന്നു.

وَمَا خَلَقْتُ الْجِنَّ وَالْإِنسَ إِلَّا

لِيَعْبُدُونِ ۝

ഞാൻ ജിന്നിനേയും മനുഷ്യനേയും കേവലം ആരാധിക്കുന്നതിന് വേണ്ടി മാത്രമാണ് സൃഷ്ടിച്ചിട്ടുള്ളത്.

പിന്നീട് റസൂൽ തിരുമേനി (സ) പറയുന്നു. നമസ്കാരം ഇബാദത്തിന്റെ അകക്കാമ്പാണ്. ഞാൻ പറഞ്ഞത് പോലെ ഭൗതികരായിട്ടുള്ളവർ ഭൗതികത കരസ്ഥമാക്കുന്നതിനായി എത്രമാത്രം കൈകാലിട്ടടിക്കുന്നു. എത്രമാത്രം അധ്വാനിക്കുന്നു. എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിക്കുന്നു. എത്രമാത്രം വ്യാകുലപ്പെടുന്നു. ഏതുവരെയെന്നാൽ തന്റെ ആരോഗ്യം നശിപ്പിക്കുന്നു. ഭൗതികമായിട്ടുള്ള സമ്പത്തിന്റെ സ്വത്തിന്റെ നഷ്ടം സംഭവിക്കുകയാണെങ്കിൽ ചിലർക്ക് ഹൃദയാഘാതം ഉണ്ടാകുന്നു. ചിലർ പ്രതീക്ഷിച്ച അത്ര ഫലം ലഭിക്കാത്തത് കാരണം ഇത്രമാത്രം ഡിപ്രഷന് വിധേയമാവുന്നു. മുഴുവൻ ജീവിതവും അവർക്ക് അത് രോഗമായിത്തീരുന്നു. ഇതെല്ലാം തന്നെ ഈ ലോകത്തിലെ ജീവിതത്തിന് വേണ്ടിയാണ് ചെയ്യുന്നത്.

മനുഷ്യന്റെ പ്രവർത്തനപരമായ ആക്റ്റീവ് ആയിട്ടുള്ള ജീവിതം ഏറ്റവും കൂടിയാൽ 60,70 വയസ്സ് വരെയാണ് കണ്ടുവരുന്നത്. അതിന് ശേഷമുള്ള ജീവിതം പൊതുവിൽ പ്രവർത്തനപരമായിരിക്കുകയില്ല. പിന്നീട് പൊതുവിൽ കുട്ടികളുടെ അല്ലെങ്കിൽ മറ്റുള്ളവരുടെ കാരുണ്യത്തിലായിരിക്കും മനുഷ്യൻ ജീവിക്കുന്നത്. ഈ രാജ്യത്തും നോക്കുക. ഇവിടെ ഈ രാജ്യങ്ങളിൽ മാതാപിതാക്കളെ കുട്ടികളും സംരക്ഷിക്കാറില്ല. അധികമാളുകളും വൃദ്ധസദനങ്ങളിലേക്ക് പോവുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ അവരെ അങ്ങോട്ട് അയക്കുന്നു. ആഴ്ചയിൽ ഒരിക്കൽ മക്കൾ ചെല്ലുന്നു. എന്നിട്ട് ഞങ്ങൾ വളരെ വലിയ ഔദാര്യം കാണിച്ചു എന്ന് ധരിക്കുന്നു. ആ സമയത്ത് ആരും ഒന്നും ചോദിക്കുകയില്ല. ആ സമയത്ത് നേഴ്സുമാരുടെ കാരുണ്യത്തിലായിരിക്കും എല്ലാം. ഈ പ്രായത്തിൽ എത്തുമ്പോൾ ഇവർക്ക് അല്ലാഹുവിന്റെ അസ്തിത്വത്തിൽ വിശ്വാസമുണ്ടാവുന്നു. അല്ലാഹുവിന്റെ സ്മരണയും പിന്നീട് ഉണ്ടാവുന്നു, ആ സമയത്ത് ചിലർക്ക് പരലോകജീവിതത്തെക്കുറിച്ചുള്ള വ്യാകുലതയും ഉണ്ടാകുന്നു. ശുഭപര്യവസാനത്തിനായി ദുആ ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ യഥാർഥ മുഅ്മിൻ ഈ പ്രായത്തിൽ എത്തുന്നതിന് വളരെ മുമ്പ് തന്നെ തന്റെ ശുഭപര്യവസാനത്തെക്കുറിച്ച് വ്യാകുലപ്പെടുന്നവനാണ്. തന്റെ ജീവിതത്തിന്റെ യഥാർഥവും അടിസ്ഥാനപരവുമായ ലക്ഷ്യം കരസ്ഥമാക്കുന്നതിനായി പരിശ്രമിക്കുകയും ചെയ്യുന്നവനാണ്. തന്റെ ഇബാദത്തിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നവനാണ്. ലോകത്തിലെ താൽപര്യങ്ങൾ, ലോകത്തിലെ വർണ്ണപ്പകിട്ട് അവനെ ഇബാദത്തിൽ നിന്ന് അശ്രദ്ധനാക്കുന്നതല്ല. നമസ്ക്കാരത്തിൽ നിന്ന് അശ്രദ്ധനാക്കുന്നതല്ല. ഇതും അഹ്മദീ വീടുകളിൽ അല്ലാഹുവിന്റെ ഔദാര്യമാണ്. പൊതുവിൽ ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ ഇബാദത്തിന്റെ ഉത്തരവാദിത്വം നിറവേറ്റാറില്ല എങ്കിൽ രണ്ടാമത്തെയാൾ ഇതിലേക്ക് ശ്രദ്ധിപ്പിക്കാൻ വേണ്ടി പരിശ്രമിക്കുന്നു. ഒരുപാട് ആളുകൾ മുലാഖാത്തി ലും അതുപോലെതന്നെ കത്തുകളിലൂടെയും എന്നോട് പറയുന്നു. ഞങ്ങളുടെ ഭർത്താവിന് അല്ലെങ്കിൽ ഭാര്യക്ക് വേണ്ടി അവർക്ക് നമസ്കാരത്തിൽ ശ്രദ്ധ ഉണ്ടായിത്തീരുന്നതിനുവേണ്ടി ദുആ ചെയ്താലും. അവർക്ക് നമസ്കാരത്തിലേക്ക് ശ്രദ്ധയില്ല. പൊതുവിൽ സ്ത്രീകളാണ് കൂടുതലായി പറയുന്നത്. ഈ കാര്യം സ്ത്രീകൾക്ക് നമസ്ക്കാരത്തിലേക്ക് ശ്രദ്ധ കൂടുതലാണ് എന്നുള്ളത് ഒരു കണക്കിന് സന്തോഷകരമാണ്. കാരണം അവരുടെ ഈ ശ്രദ്ധ നിമിത്തം കുട്ടികളേയും ശ്രദ്ധിക്കുന്നതായിരിക്കും. അങ്ങനെ ശരിയായ തർബ്ബിയ്യത്ത് നൽകാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ അതോടൊപ്പം ഈ കാര്യം ചിന്തിപ്പിക്കുന്നതാണ്.

പുരുഷൻമാരെ ശക്തരായിട്ടാണ് സൃഷ്ടിച്ചിരിക്കുന്നത്. അവർ വീടിന്റെ മേൽനോട്ടക്കാരാണ്. പുരുഷന്മാർ വീട്ടുകാർക്ക് മാതൃകയായിരിക്കേണ്ടതാണ്. വീടിന്റെ നേതാവായ പുരുഷൻ നമസ്ക്കാരത്തിൽ അലസരാണെങ്കിൽ, അവർ ജീവിതലക്ഷ്യം കരസ്ഥമാക്കുന്നതിന്നായി പരിശ്രമിക്കുന്നില്ലെങ്കിൽ മക്കൾ എന്ത് മാതൃകയാണ് കാണിക്കുക. പൊതുവിൽ ഇത് കണ്ടുവരുന്നുണ്ട്. കുട്ടികൾ യുവത്വത്തിലേക്ക് കാൽ വെക്കുമ്പോൾ അവന്റെ പിതാവ് നമസ്കാരത്തിൽ ശ്രദ്ധിക്കാത്ത വ്യക്തിയാണെങ്കിൽ ഞാൻ എന്തിന് നമസ്കരിക്കണം എന്ന് അവൻ ചോദിക്കും. അവനെ എത്ര ഉപദേശിച്ചാലും ഫലം ചെയ്യാറില്ല.

നമസ്കാരം ആരാധകളുടെ ആകക്കാമ്പാണ്. അത് നിർവ്വഹിക്കുന്നതിന് പള്ളിയും നമസ്കാര സെന്ററും വീട്ടിൽ നിന്നും വളരെ അകലത്താണെങ്കിൽ ചുരുങ്ങിയ പക്ഷം വീട്ടിൽ വെച്ച് ജമാഅത്തായി നമസ്ക്കരിക്കുകയാണ് വേണ്ടത്. ഇതുമുഖേന നമസ്കാരത്തിന്റെ അനുഗ്രഹങ്ങളാൽ വീട് നിറയുമാറാകട്ടെ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ വീട് നിറയട്ടെ.

നമസ്കാരം നിലനിറുത്താനായി പുരുഷന്മാരോട് പ്രത്യേകമായി പറഞ്ഞിട്ടുണ്ട്. നമസ്കാരം നിലനിറുത്തുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് വളരെ അത്യാവശ്യഘട്ടം ഒഴികെ നമസ്കാരം ജമാഅത്തായി തന്നെ അനുഷ്ഠിക്കുക എന്നതാണ്. അതുകൊണ്ട്

ഇവിടെ ജൽസയുടെ മൂന്ന് ദിവസങ്ങൾ നമ്മുടെ ആത്മീയമായ ഉന്നമനത്തിനായി പ്രോഗ്രാമുകൾ സംഘടിപ്പിച്ചിരിക്കുകയാണ്. ഇതിൽ അധികം പേരും തഹജ്ജുദ് നമസ്കരിക്കുന്നതിലേക്കും ജമാഅത്തായി നമസ്കരിക്കുന്നതിലേക്കും കൂടുതൽ ശ്രദ്ധ നൽകാറുണ്ട്. അതിനെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റുമെന്ന് പ്രതിജ്ഞ എടുക്കുക. അപ്പോഴായിരിക്കും തഖ്‌വയിൽ ചരിക്കുന്നവരിൽ നാം എണ്ണപ്പെടുകയുള്ളൂ. ജൽസയുടെ ഉദ്ദേശ്യം പൂർത്തിയാക്കുന്നവരായി നാം മാറുകയുള്ളൂ.

ജലസ സംഘടിപ്പിച്ചുകൊണ്ട് വിളംബരം നടത്തിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) തഖ്‌വയിൽ പുരോഗമിക്കാനുള്ള ശ്രദ്ധക്കും അതിനുള്ള ഉപരിശ്രമത്തിനും തന്നെയാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

അവിടുന്ന് ജലസയുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് പറയുന്നു, ഹൃദയം ആഖിറത്തിലേക്ക് പൂർണ്ണമായും തിരിയുകയും, ജലസയിൽ പങ്കെടുക്കുന്നവരിൽ അല്ലാഹുവിനോടുള്ള ഭയം ജനിക്കുകയും, പരിത്യാഗത്തിലും, തഖ്‌വയിലും, ദൈവഭയത്തിലും സൂക്ഷ്മതയിലും, ഹൃദയ നിർമ്മലതയിലും പരസ്പര സ്നേഹത്തിലും സാഹോദര്യത്തിലും ഒരാൾ മറ്റൊരാൾക്ക് മാതൃകയായിത്തീരുന്നതിനും വേണ്ടി. വിനയവും നമ്രതയും ദീനീ പ്രവർത്തനങ്ങൾക്കായി പരിശ്രമിക്കുന്നതിനായി പരിശുദ്ധിയും അവരിൽ ഉണ്ടായിത്തീരുന്നതിനുവേണ്ടി.

ആദ്യത്തെ കാര്യം അവിടുന്ന് ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. അതായത് ആഖിറത്തിലേക്ക് പൂർണ്ണമായും തിരിയുക. അതുതന്നെയാണ് വിശുദ്ധ ഖുർആന്റെ കൽപനയും. നിങ്ങൾ നാളേക്ക് വേണ്ടി എന്താണ് കരുതി വച്ചിട്ടുള്ളത് എന്ന് നോക്കുക. ഈ ലോകത്തിലെ ദുഃഖത്തിന് പകരമായി ആഖിറത്തിനെക്കുറിച്ച് കൂടുതൽ വ്യാകുലപ്പെടുക. ഈ അവസ്ഥ തഖ്‌വ ഉണ്ടാകുമ്പോഴാണ് സംജാതമാവുക. തഖ്‌വയുണ്ടെങ്കിൽ ഇതുതന്നെയായിരിക്കും ദൈവചിന്തയിലേക്കും താൽപര്യം ഉണ്ടാക്കുക. എവിടെയാണോ അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റപ്പെടുന്നത് അവിടെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റപ്പെടുന്നതാണ്. അതല്ലെങ്കിൽ അതിനുള്ള പരിശ്രമം നടക്കുന്നതാണ്. അതിനായി സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിനായി അവിടുന്ന് പരസ്പരമുള്ള സ്നേഹവും സാഹോദര്യവും ഹൃദയങ്ങളിൽ ജനിപ്പിക്കേണ്ടത് നിർബന്ധമായി നിശ്ചയിക്കുകയുണ്ടായി. പിന്നീട് ഒരു ഭാഗത്ത് മാത്രമുള്ള സ്നേഹവും സാഹോദര്യവും മാത്രമല്ല മറിച്ച് സമൂഹത്തിലും അതിന്റെ നൻമ നിറഞ്ഞ സ്വാധീനം ഉണ്ടാവേണ്ടതാണ്. നിങ്ങളുടെ വിനയവും നമ്രതയും നൻമയും മറ്റുള്ളവരെക്കുറിച്ചുള്ള ചിന്തയും ഈ വിധത്തിലായിരിക്കണം. ഈ അഹ്മദികൾ ലോകത്തിലെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്ഥരാണ് എന്ന് ജനങ്ങൾ പറയണം. അല്ലാഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും നിറവേറ്റുന്നതിന്റെ മാതൃക ആർക്കെങ്കിലും കാണണമെങ്കിൽ ഈ അഹ്മദികളിൽ നിങ്ങൾ വീക്ഷിക്കുക.

പിന്നീട് അവിടുന്ന് പറഞ്ഞു. ദീനിയായ പ്രവർത്തനങ്ങൾക്ക് വേണ്ടി ആസൂത്രണങ്ങൾ ചെയ്യുക. ദീനിപ്രവർത്തനങ്ങളിൽ ദീനിന്റെ പ്രചാരണത്തിനായി സാമ്പത്തിക ത്യാഗവുമുണ്ട്. മസ്ജിദുകളുടെ നിർമ്മാണത്തിലേക്കുള്ള ശ്രദ്ധയും പരിശ്രമവും ഉണ്ട്. തബ്‌ലീഗിനായുള്ള ആസൂത്രണങ്ങളും ഉണ്ട്. ഈ ആസൂത്രണങ്ങളോടൊപ്പം ഓരോ അഹ്മദിയും തന്റെ സമയം ഈ ലക്ഷ്യത്തിനായി നൽകണം. ജൽസയിൽ വന്ന് നാം വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ കേൾക്കുമ്പോൾ ഇവിടെ നടത്തപ്പെടുന്ന പ്രസംഗങ്ങൾ കേട്ടുകൊണ്ട്, നമ്മുടെ ആ ലക്ഷ്യങ്ങൾ സ്വായത്തമാക്കുവാനുള്ള ശ്രദ്ധ നമുക്ക് ഇവിടെവെച്ച് ഉണ്ടാകുന്നു. അത് നമ്മുടെ ജീവിതത്തിന്റെ സ്ഥായിയായ ഭാഗമായി മാറ്റേണ്ടതാണ്. ജൽസയിൽ പങ്കെടുത്ത് കൊണ്ട് തങ്ങളുടെ ഇബാദത്തിന്റെ നിലവാരം ഓരോ അഹ്മദിയും ഉയർത്തുന്നതോടൊപ്പം, അല്ലാഹുവിനോടുള്ള മറ്റ് കടമകൾ നിറവേറ്റുന്നതോടൊപ്പം സൃഷ്ടികളോടുള്ള ഉത്തരവാദിത്വവും നിറവേറ്റുക. സമൂഹത്തിനോടുള്ള ഉത്തരവാദിത്വവും നിറവേറ്റുക. പരസ്പരം ഏതെങ്കിലും വിധത്തിലുള്ള കലഹം ഉണ്ടെങ്കിലും ജൽസയുടെ അനുഗ്രഹം കൊണ്ട് അതും ദൂരീകരിക്കാൻ പരിശ്രമിക്കുക. അഥവാ ഈ ജലസയിൽ പങ്കെടുക്കുന്നതിന്റെ ഉദ്ദേശ്യം നിറവേറ്റിയാൽ മാത്രമേ അനുഗ്രഹം നേടാൻ സാധിക്കുകയുള്ളൂ. എല്ലാ വിധത്തിലുള്ള തിന്മയും ദൂരീകരിക്കാൻ വേണ്ടി പ്രതിജ്ഞയെടുക്കുക. അതിനായി പരിശ്രമിക്കുകയാണ് ചെയ്യുന്നത്.

ഈ സമൂഹത്തിൽ ഒരു വലിയ വിഭാഗം ആളുകൾ അല്ലാഹുവിന്റെ അസ്തിത്വത്തെ തന്നെ നിഷേധിക്കുന്നവരാണ്, ഭൗതികതയാണ് എല്ലാം എന്ന് മനസ്സിലാക്കുന്നവരാണ്. അത് സ്വായത്തമാക്കുന്നതിനായി എല്ലാവിധത്തിലും പരിശ്രമിക്കുന്നു.അതിനാൽ ഈ സമൂഹത്തിൽ ജീവിച്ചുകൊണ്ട് ദീനിൽ അടിയുറച്ച് നിൽക്കുക. ദീനിനുവേണ്ടി ത്യാഗത്തിനായി സന്നദ്ധരാവുക. തഖ്‌വയിലൂടെ ചരിക്കുന്നതിനായി പരിശ്രമിക്കുക. ഇതെല്ലാം വളരെ വലിയ ജോലിയാണ്. അതുകൊണ്ട് തന്നെ ഇത് മുഅ്മിന് വളരെ പ്രധാനപ്പെട്ടതായി നിശ്ചയിച്ചിരിക്കുന്നു.

ഇവിടുത്തെ വർണ്ണപ്പകിട്ടിൽ മുങ്ങിപ്പോകുന്ന ഒരുപാട് ആളുകളെ നമുക്ക് കാണാൻ സാധിക്കും. ഭൂരിഭാഗത്തിന്റെ പ്രവർത്തനം അത് യഥാർത്ഥത്തിൽ ശൈത്വാന്റെ പ്രവർത്തനമാണ് (ഇവിടെയുള്ള ജനങ്ങളിൽ ഭൂരിഭാഗത്തിന്റെയും പ്രവർത്തനം അത് ശൈത്വാനി പ്രവർത്തനമാണ്. അത് ഇവിടെ വരുന്നവരുടെ താൽപര്യത്തിന് കാരണമായിത്തീരുന്നു. ഇവിടെ വരുന്നവരിൽ ഏതെങ്കിലും വിധത്തിലുള്ള കോംപ്ലക്സ് ഉള്ളവർ, അപകർഷതാബോധത്തിൽ അകപ്പെട്ടവർ, തങ്ങളുടെ പുരോഗതിക്കുള്ള രഹസ്യം ഇതാണെന്ന് മനസ്സിലാക്കുന്നു. ഇവരുടെ പിന്നാലെ പോകാം. ദീനിനെ പുറന്തള്ളാം. ഭൗതികതക്കു പ്രാധാന്യം നൽകാം. എന്നാൽ ഇതിൽ പുരോഗതിയല്ല ഉള്ളത് മറിച്ച് ഇതിൽ നാശമാണുള്ളത്. അല്ലാഹു പറയുന്നു.

فَاتَّقُوا اللّٰهَ يٰٓاُولِي الْاَلْبَابِ لَعَلَّكُمْ تُفْلِحُوْنَ

അല്ലാഹുവിന്റെ തഖ്‌വ സ്വായത്തമാക്കുക. അല്ലയോ ബുദ്ധിമാൻമാരെ നിങ്ങൾ വിജയിക്കുന്നതിന് വേണ്ടി. ഇവിടെ അല്ലാഹു തഖ്‌വ സ്വായത്ത്മാക്കുന്നവരെയാണ് വിജയികളായി പ്രഖ്യാപിച്ചിരിക്കുന്നത്. എന്നുമാത്രമല്ല ബുദ്ധിമാൻമാരും അവരാണ്. അവർ താൽക്കാലിക ആഗ്രഹങ്ങളെ എല്ലാമായി ഗണിക്കാതിരിക്കുകയും ഈ ലോകത്തിലെ ആഗ്രഹങ്ങൾ ഒന്നുമല്ലയെന്ന് മനസ്സിലാക്കുകയും അങ്ങനെ തങ്ങളുടെ അനശ്വരമായ ജീവിതത്തെ നശിപ്പിക്കാതിരിക്കുകയും ചെയ്തവരാണ്. ദീനിനെ ദുനിയാവിനേക്കാൾ പ്രാധാന്യം കൽപ്പിക്കുന്നവരാണ് ബുദ്ധിമാൻമാർ. ആരാണോ ഈ ലോകത്തിലെ ജീവിതം തന്നെ എല്ലാമാണെന്ന് മനസ്സിലാക്കിയത് അവർ തങ്ങളുടെ അനശ്വര ജീവിതത്തെ നശിപ്പിച്ചുകളഞ്ഞിരിക്കുന്നു. അനശ്വര ജീവിതത്തെ നശിപ്പിച്ച് കളയുന്ന ആളെ ബുദ്ധിമാൻ എന്ന് പറയാൻ സാധ്യമല്ല. വലിയ വസ്തുവിന് വേണ്ടി ചെറിയ വസ്തുവിനെ ത്യജിക്കുന്നവനെ മാത്രമേ ബുദ്ധിമാൻ എന്ന് പറയാൻ സാധിക്കുകയുള്ളൂ.

അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന്നായി ലോകത്തെ ത്യജിക്കുക. ഇത് തന്നെയാണ് ബുദ്ധി. മനുഷ്യൻ, ഒരു യഥാർത്ഥ മുഅ്മിൻ ഇത് തന്റെ ജീവിതത്തിന്റെ ലക്ഷ്യമാക്കി മാറ്റേണ്ടതാണ്. ഈ ലക്ഷ്യം എങ്ങനെ കരസ്ഥമാക്കാൻ സാധിക്കും.

അല്ലാഹു പറയുന്നു. وَهٰذَا كِتٰبٌ اَنْزَلْنٰهُ مُبٰرَكٌ فَاتَّبِعُوْهُ وَاتَّقُوْا لَعَلَّكُمْ تُرْحَمُوْنَ

ഈ ഗ്രന്ഥം അതായത് വിശുദ്ധ ഖുർആന് ഇത് നാം ഇറക്കിയ ഗ്രന്ഥമാണ്, ഇത് അനുഗ്രഹപൂർണ്ണമാണ്, അതുകൊണ്ട് അതിനെ അനുധാവനം ചെയ്യുക. ഭയഭക്തി കൈകൊള്ളുക. നിങ്ങളിൽ കരുണ ചൊരിയുന്നതിന് വേണ്ടി.

നാം അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായി ത്തീരണമെങ്കിൽ വിശുദ്ധ ഖുർആന്റെ കൽപനകളെ പിന്തുടരേ ണ്ടതായി വരും. അതാണ് അല്ലാഹു നമ്മളെ ഉപദേശിച്ചിരിക്കു ന്നത്. ഈ അനുധാവനമാണ് തഖ്‌വയുടെ മാർഗം അടയാളപ്പെ ടുത്തുന്നത്. ഇതിന്റെ ഫലമായി അല്ലാഹു പറയുന്നു. നിങ്ങളിൽ അല്ലാഹു കരുണ ചൊരിഞ്ഞ്കൊണ്ടിരിക്കുന്നതാണ്. കാരുണ്യം അവസാനിക്കുകയില്ല മറിച്ച് അത് ചൊരിഞ്ഞുകൊണ്ടേയിരിക്കു ന്നതാണ്. കാരണം മുബാറക്കൻ എന്ന് എഴുതപ്പെട്ടിരിക്കുന്നു. ബറക്ക എന്നതിന്റെ അർത്ഥം തന്നെ ഇതാണ്. അല്ലാഹുവിൽ നിന്ന് ലഭിക്കുന്ന എല്ലാ നല്ല വസ്തുക്കളും എന്ന് മാത്രമല്ല അതി ൽ ഓരോ നിമിഷവും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കും. ഇത് അല്ലാഹുവിന്റെ കാരുണ്യമാണ്. അഥവാ മനുഷ്യൻ അവന്റെ പ്രീതി സ്വായത്തമാക്കുന്നതിന്നായി ഒരു നൻമ ചെയ്യുകയാണെ ങ്കിൽ അവന്റെ റഹ്മാനിയത്താണ്. അല്ലാഹു പറയുന്നു. ഞാൻ അവന് പത്തിരട്ടി പ്രതിഫലം നൽകുന്നതാണ്. എന്നല്ല 700 ഇരട്ടി യോളം വർദ്ധിപ്പിക്കുന്നതാണ്. ഇവിടംകൊണ്ട് അവസാനിപ്പിച്ചില്ല. പറഞ്ഞു. ഞാൻ അതിലും കൂടുതലായി വർദ്ധിപ്പിച്ച് നൽകുന്ന താണ്. തഖ്‌വയിൽ ചരിക്കുന്നവൻ നോക്കുക ഏത് വിധത്തിലാണ് ഫലം ഭക്ഷിക്കുന്നതെന്ന് പിന്നീട് ഒരു പ്രവർത്തിക്ക് അനേ കം ഇരട്ടി പ്രതിഫലം ലഭിക്കുന്നു. അളവില്ലാത്ത വിധം ഭക്ഷിക്കുന്നു.

നമ്മിൽ ഓരോരുത്തരും വിശുദ്ധ ഖുർആന്റെ കൽപനകളെ പിൻ തുടരുന്നതിനായി പരിശ്രമിക്കേണ്ടതാണ്. അപ്പോഴായാരിക്കും യഥാർഥ തഖ്‌വയിൽ ചരിക്കുന്നവരാണ് നാം എന്ന് പറയാൻ സാധിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ) തഖ്‌വയുടെ വിശ ദീകരണം നൽകിക്കൊണ്ട് ഒരു സ്ഥലത്ത് പറയുന്നു.

മനുഷ്യന്റെ മുഴുവൻ ആത്മീയ സൗന്ദര്യവും തഖ്‌വയുടെ എല്ലാ സൂക്ഷ്മമായ മാർഗങ്ങളിലും ചരിക്കുകയെന്നതാണ്. തഖ്‌വയുടെ സൂക്ഷ്മമായ മാർഗങ്ങളാണ് ആത്മീയ സൗന്ദര്യത്തിന്റെ സൂക്ഷ് മമായ മനോഹര രൂപഭംഗികൾ നൽകുന്നത്. അല്ലാഹുവിന്റെ അ മാനത്തുകളും വിശ്വാസ പ്രതിജ്ഞയും കഴിവിന്റെ പരമാവധി പാലിക്കുകയെന്നുള്ളതും, അടിമുതൽ മുടിവരെ എത്രമാത്രം ശക്തിയും അവയവവും ഉണ്ടോ, അതിൽ പ്രത്യക്ഷത്തിലുള്ള കണ്ണുകളും ചെവിയും കാലും കൈയ്യും അതുപോലെ മറ്റ് അവ യവങ്ങളുമെല്ലാം തന്നെ, അതുപോലെ ആന്തരികമായ നിലയിൽ ഹൃദയവും മറ്റു കഴിവുകളും സ്വഭാവവും എല്ലാം കഴിവിന്റെ പരമാ വധി ഉചിതമായ രീതിയിൽ ഉപയോഗിക്കുക എന്നതാണ് തഖ്‌വ എന്ന കാര്യം വ്യക്തമാണ്. അനാവശ്യ പ്രവർത്തനങ്ങളിൽ നിന്ന് അവയെ തടയുക. അവയുടെ അദൃശ്യമായ ആക്രമണങ്ങളെക്കു റിച്ച് ബോധവാന്മാരായിരിക്കുക. ഇതാണ് അല്ലാഹുവിനോടുള്ള കടമ നിറവേറ്റൽ. അല്ലാഹുവിനോട് ചെയ്തിരിക്കുന്ന പ്രതിജ്ഞ കൾ അവ എല്ലായിപ്പോഴും പൂർത്തിയാക്കുന്നതിനായി പരിശ്രമി ക്കുക. എല്ലാ അവയവങ്ങൾ കൊണ്ടും അവ പൂർത്തിയാക്കുക. കൈ ഉണ്ടെങ്കിൽ അതുകൊണ്ട് ഏതൊന്നാണോ അല്ലാഹു ചെയ്യാൻ കൽപ്പിച്ചിരിക്കുന്നത് ആ പ്രവർത്തി ചെയ്യുക. എല്ലാ ചീത്ത പ്രവർത്തികളിൽ നിന്നും രക്ഷപ്പെടുക. കാലുകളുണ്ടെ ങ്കിൽ അല്ലാഹു കൽപ്പിച്ചിരിക്കുന്ന നൻമകളിലേക്ക് സഞ്ചരിക്കു ന്നവരായിത്തീരുക. ഹദീസിൽ വന്നിട്ടില്ലേ പള്ളികളിലേക്ക് പോകുന്ന ഓരോ കാൽവെപ്പിനും പ്രതിഫലം ലഭിക്കുമെന്ന്. ഭൗതിക കെട്ടുപാടുകളെ ഉപേക്ഷിച്ചുകൊണ്ട് നമസ്കരിക്കുന്ന തിനായി പള്ളിയിലേക്ക് പോകുന്ന ഓരോ കാൽവെപ്പും അത് അല്ലാഹുവിന്റെ കടമ നിറവേറ്റുന്നവയാണ്. അതുപോലെതന്നെ മനുഷ്യന്റെ ഉള്ളിലുള്ള അദൃശ്യമായ കഴിവുകൾ, അതിനോടുള്ള ഉത്തരവാദിത്വം നിറവേറ്റുക. അല്ലാഹുവിന് വേണ്ടി അവ ഉപയോ ഗപ്പെടുത്തുക. പിന്നീട് ആക്രമിക്കുന്ന ശൈത്വാനിൽ നിന്ന് രക്ഷ പ്പെടാൻ വേണ്ടി പരിശ്രമിക്കുക.

പറയുന്നു. മറഞ്ഞിരിക്കുന്ന ആക്രമണങ്ങളെക്കുറിച്ച് ബോധ വാന്മാരായിരിക്കുക. ശൈത്വാൻ ഏതുവിധേനയും ആക്രമിക്കാൻ സാധ്യതയുണ്ട്. അത്കൊണ്ട് ഓർത്തിരിക്കുക. പിന്നീട് പറയു ന്നു. ഇതോടൊപ്പംതന്നെ സ്ത്രീകളോടുള്ള കടമയും നിറവേറ്റേ ണ്ടതാണ്. ഒന്ന് അല്ലാഹുവിനോടുള്ള കടമകളാണ്. മറ്റൊന്ന് സൃഷ്ടികളോടുള്ള കടമകളാണ്. അതും പാലിക്കേണ്ടത് നിർബ ന്ധമാണ്. ഈ മാർഗം തന്നെയാണ് മനുഷ്യന്റെ എല്ലാ ആത്മീയ സൗന്ദര്യവുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ തഖ്‌വയെ വസ്ത്രം എന്ന പേരിലാണ് വിളിച്ചിരി ക്കുന്നത്. ലിബാസുത്തഖ്‌വ എന്നുള്ളത് വിശുദ്ധ ഖുർആന്റെ വാക്കാണ്. ഇത് ഈ കാര്യത്തിനുള്ള തെളിവാണ്. ആത്മീയ സൗന്ദര്യവും ആത്മീയ മനോഹാരിതയും തഖ്‌വ മുഖേനയേ സംജാതമാകുകയുള്ളൂ. ഇനി തഖ്‌വ എന്ന് പറഞ്ഞാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും ഈമാനിക പ്രതിജ്ഞ കളും അതുപോലെതന്നെ സൃഷ്ടികളുടെ എല്ലാ അമാനത്തുക ളും പ്രതിജ്ഞകളും കഴിവിന്റെ പരമാവധി പാലിക്കുകയെന്ന താണ്. അതായത് അതിന്റെ ഏറ്റവും സൂക്ഷ്മമായ വശങ്ങൾ പോലും കഴിവിന്റെ പരമാവധി പാലിക്കുക. അതായത് അല്ലാ ഹുവിനോടുള്ള കടമയും സൃഷ്ടികളോടുള്ള കടമയും അതിന്റെ ഏറ്റവും സൂക്ഷ്മമായ ഉത്തരവാദിത്വങ്ങൾപോലും പൂർത്തിയാ ക്കാൻ വേണ്ടി പരിശ്രമിക്കുക.

വ്യാപാരികളായിട്ടുള്ള ആളുകളുണ്ട്. ജീവിതത്തിന്റെ ദൈന്യം ദിന പ്രശ്നങ്ങളുണ്ട്. അവിടെ നടത്തപ്പെടുന്ന വാഗ്ദാനങ്ങളും പ്രതിജ്ഞകളും നടത്തപ്പെടുന്ന കരാറുകളും അവ പൂർത്തിയാ ക്കേണ്ടതാണ്. തങ്ങളുടെ ജോലി അത് നീതിയോട് കൂടി ചെയ്യേ ണ്ടതാണ്. വിദ്യാർത്ഥിയാണെങ്കിൽ അവൻ തന്റെ വിദ്യാഭ്യാസ ത്തിന്റെ ഉത്തരവാദിത്വം നിറവേറ്റണം. ഇതുകൂടാതെ അല്ലാഹു വിന്റെ ഇബാദത്തിന്റെ ഉത്തരവാദിത്വമുണ്ട്. ചുരുക്കത്തിൽ എല്ലാ വിധത്തിലുമുള്ള ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നവരെയാണ് തഖ്‌വയിൽ ചരിക്കുന്നവർ എന്ന് പറയാൻ സാധിക്കുക.

പിന്നീട് അവിടുന്ന് മറ്റൊരു സ്ഥലത്ത് പറയുന്നു. വ്യഭിചാരം, കളവ്, അവകാശധ്വംസനം, പ്രകടനാത്മകത, നിസ്സാരവൽക്കരി ക്കൽ, അഹങ്കാരം, ലുബ്ദ് മുതലായ വലിയ കുറ്റകൃത്യങ്ങൾ പൂർണ്ണമായും ഉപേക്ഷിച്ചതിന് ശേഷം ദുസ്വഭാവങ്ങൾ ഉപേക്ഷി ക്കുകയും ചെയ്യുന്നവനാണ് മുത്തഖി ആയിത്തീരുന്നത്. ഈ വലിയ കാര്യങ്ങൾ കളവ്, വ്യഭിചാരം മുതലായവ. ഇതിൽ നിന്നെ ല്ലാം മനുഷ്യൻ രക്ഷപ്പെടാറുണ്ട്. അതുപോലെതന്നെ കാണിച്ചു കൂട്ടൽ, പിശുക്ക് ഇതും വലിയ കാര്യങ്ങളാണ്. അഹങ്കാരം ഇതെ ല്ലാം ഉപേക്ഷിക്കേണ്ടതാണ്. പിന്നീട് നീചമായ സ്വഭാവത്തിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. പിന്നീട് ഇതിൽ നിന്ന് രക്ഷപ്പെടുക മാത്രമല്ല വേണ്ടത് മറിച്ച് ഇതിനെതിരായി സൽസ്വഭാവത്തിൽ പുരോഗതി പ്രാപിക്കേണ്ടതാണ്. നല്ല സ്വഭാവത്തിൽ പുരോഗതി പ്രാപിക്കുക. നല്ല സ്വഭാവം എന്താണ്. ജനങ്ങളോട് നല്ല രീതി യിൽ, സൽസ്വഭാവത്തോടും സഹാനുഭൂതിയോടെ പെരുമാറുക. അല്ലാഹുവുമായി സത്യസന്ധമായ നിലയിൽ ആത്മാർത്ഥതയും സത്യസന്ധതയും കാണിക്കുക. സേവനത്തിന്റെ മഖാമെ മഹ്മൂദ്

അന്വേഷിക്കുക. അതായത് അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നതിനും ദീനീ സേവനത്തിനും വേണ്ടി അങ്ങേയറ്റം ഉന്നതമായ നിലയിൽ പരിശ്രമിക്കുക. അത് പ്രശംസായോഗ്യമായ സ്ഥാനമാണ്. ഈ കാര്യങ്ങൾ കൊണ്ടാണ് മനുഷ്യൻ മുത്തഖി എന്ന് വിളിക്കപ്പെടുന്നത്. ആരിലാണോ ഈ കാര്യങ്ങളെല്ലാം സമ്മേളിക്കുന്നത് അവൻ തന്നെയാണ് യഥാർഥ മുത്തഖി.

അതായത് ഏതെങ്കിലും ചില സ്വഭാവഗുണങ്ങൾ ഓരോന്നായി ആരിലെങ്കിലും ഉണ്ടെങ്കിൽ അവരെ മുത്തഖി എന്ന് പറയാൻ സാധ്യമല്ല. ഒരുപാട് സ്വഭാവ ഗുണങ്ങൾ ഉണ്ട്. ഒരുപാട് നൻമകൾ ഉണ്ട്, ഒരുപാട് സൽക്കർമങ്ങൾ ഉണ്ട്, അഥവാ ഒന്നോ രണ്ടോ മൂന്നോ ഗുണങ്ങൾ ആരിലെങ്കിലും ഉണ്ടെങ്കിൽ അവരെ പരിപൂർണ മുത്തഖി എന്ന് പറയാൻ സാധ്യമല്ല. പറയുന്നു. ആരിലാണോ ഈ എല്ലാ സ്വഭാവഗുണങ്ങൾ ഉള്ളത് ആ വ്യക്തിയാണ് മുത്തഖി. പിന്നീട് നീചമായ കാര്യങ്ങളെ ഇല്ലാതാക്കി ഉന്നതമായ സ്വഭാവഗുണങ്ങൾ സ്വായത്തമാക്കേണ്ടതാണ്. തുടർന്ന് എല്ലാ സ്വഭാവഗുണങ്ങളും സ്വായത്തമാക്കുക. അത്തരത്തിലുള്ളവരെയാണ് മുത്തഖി എന്ന് പറയുന്നത്.

പറയുന്നു: വിവിധങ്ങളായ സ്വഭാവങ്ങൾ ചിലരിൽ ഉണ്ടെങ്കിൽ അത്തരം ആളുകളെ മുത്തഖി എന്ന് പറയാൻ സാധ്യമല്ല. ഏതുവരെ പൂർണ്ണമായ നിലയിൽ എല്ലാ സ്വഭാവഗുണങ്ങളും ഉണ്ടെങ്കിൽ മാത്രമേ അവരെക്കുറിച്ച് മുത്തഖി എന്ന് പറയാൻ കഴിയൂ. അത്തരത്തിലുള്ള ആളുകളെക്കുറിച്ച് لَاخَوۡفٌ عَلَيۡهِمۡ وَلَا هُمۡ يَحۡزَنُوۡنَ എന്ന് പറഞ്ഞിരിക്കുന്നു, അതിനുശേഷം അല്ലാഹു അത്തരം ആളുകളുടെ സംരക്ഷകനായിത്തീരുന്നു. അതായത് മനുഷ്യൻ ആ നിലയിലേക്ക് എത്തുമ്പോൾ പിന്നീട് അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല. അവർ ദുഃഖിക്കുകയുമില്ല. അല്ലാഹു പിന്നീട് അവരോടൊപ്പം ഉണ്ടാകുന്നു. അവൻ പറയുന്നത് പോലെ

وَهُوَ يَتَوَلَّى الصّٰلِحِيۡنَ

ഹദീസ് ശരീഫിൽ വന്നിരിക്കുന്നു. അല്ലാഹു അവർ പിടിക്കുന്ന കൈയ് ആയിത്തീരുന്നു. അവർ കാണുന്ന കണ്ണായിത്തീരുന്നു. അവർ കേൾക്കുന്ന ചെവിയായിത്തീരുന്നു. അവർ നടക്കുന്ന കാലായി മാറുന്നു. മറ്റൊരു ഹദീസിൽ വന്നിരിക്കുന്നു. ആരാണോ എന്റെ വലിയോട് ശത്രുത പുലർത്തുന്നത് ഞാൻ അവനോട് പറയുന്നു എന്നെ നേരിടാനായി തയ്യാറായിക്കൊള്ളുക. ഒരു സ്ഥലത്ത് പറഞ്ഞിരിക്കുന്നു. ആരെങ്കിലും അല്ലാഹുവിന്റെ വലിയെ ആക്രമിക്കുമ്പോൾ അല്ലാഹു ഒരു പെൺസിഹത്തിൽ നിന്നും അവളുടെ കുട്ടിയെ തട്ടിയെടുക്കാൻ ആരെങ്കിലും ശ്രമിക്കുമ്പോൾ അത് ദേഷ്യത്തോടെ ആക്രമിക്കുന്നത് പോലെ അല്ലാഹു അവരെ ആക്രമിക്കുന്നു.

ഈ തഖ്‌വയുടെ സ്ഥാനം കരസ്ഥമാക്കുന്നതിനായി നാം പരിശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഞാൻ കേൾപ്പിച്ച ജലസയുടെ ലക്ഷ്യം വിവരിച്ച ആദ്യത്തെ ഉദ്ധരണിയിൽ അവിടുന്ന് പറയുകയുണ്ടായി. ജലസയിൽ വന്ന്, തങ്ങളുടെ ദീനീപരമായ പ്രവർത്തനങ്ങളിലും ശ്രദ്ധിക്കുക. എല്ലായിപ്പോഴും ഓർക്കേണ്ടതാണ്. സംക്ഷിപ്തമായി മുമ്പും പറഞ്ഞിട്ടുണ്ട്. ദീനീ പ്രവർത്തനങ്ങൾ എന്ന് പറയുന്നത് ദീനിന്റെ തബ്‌ലീഗും അതിന് വേണ്ടി ത്യാഗം ചെയ്യലുമാണ്.

നിങ്ങളിൽ അധികം പേരും പാക്കിസ്ഥാനിൽ നിന്നും ഹിജ്റത്ത് ചെയ്ത് ഇവിടെ വന്നവരാണ്. ഇവിടെ നിങ്ങൾ വന്നത് പാകിസ്ഥാനിൽ നിങ്ങൾക്ക് ദീനിന്റെ ഇശാഅത്തിനും തബ്‌ലീഗ് പ്രവർത്തനത്തിനും കഴിയുന്നില്ലെന്നു മാത്രമല്ല ദീനനുസരിച്ച് പ്രവർത്തിക്കാൻപോലും അനുവാദമില്ലാത്തത് കൊണ്ടാണ്. നമുക്ക് അവിടെ പൊതുവായി തുറന്ന നിലയിൽ നമസ്കാരം അനുഷ്ടിക്കാൻ സാധ്യമല്ല. കലിമ എഴുതുന്നതിൽ നിന്ന് നമ്മെ തടയുന്നു. ഈ ദിവസങ്ങളിൽ നമ്മുടെ പള്ളികളിൽ നിന്ന് കലിമ മായ്ച്ചു കളയുന്നതിനായി സർക്കാൻ ഉദ്യോഗസ്ഥരും പോലീസുകാരും മൗലവിമാരുടെ വാക്കുകൾ കേട്ടു വരുന്നു. ഇപ്പോൾ വലിയ നഗരങ്ങളിലെ വലിയ പള്ളികളിലും ഇവരുടെ കണ്ണുകളുണ്ട്. ദീനിന്റെ കാര്യത്തിൽ അഹ്മദികളിൽ ബുദ്ധിമുട്ടുകൾ അടിച്ചേൽപ്പിച്ച് കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് നിങ്ങളിൽ അധികം പേരും ഇവിടെ വന്നിരിക്കുന്നത്. ഈ ജലസയുടെ ദിവസങ്ങളിൽ തായ്‌ലണ്ടിൽ നിന്നും ഒരുപാട് പാകിസ്ഥാനി ഫാമിലികൾ ഇവിടെ വന്നിട്ടുണ്ട്. അവിടെ കുടുങ്ങിപ്പോയ പാകിസ്ഥാനികളെ അവിടെ നിന്ന് പറഞ്ഞയച്ചു. യു.എൻ.ഒ മുഖേന ഇങ്ങോട്ടാണ് അയച്ചത്. ഇവിടെ വരുന്നവരിൽ ചിലർ പാകിസ്ഥാനിൽ ബുദ്ധിമുട്ടിലൂടെയാണ് കടന്ന് പോയിക്കൊണ്ടിരുന്നത്. ചിലർ ചുറ്റുപാടുകൾ കാരണം ബുദ്ധിമുട്ടിലായിരുന്നു. ഏതായിരുന്നാലും നിങ്ങൾ ഇവിടെ വന്നിരിക്കുന്നു. നിങ്ങൾ സ്വതന്ത്രരാണ്. അതുകൊണ്ട് പാകിസ്ഥാനി അഹ്മദി സഹോദരങ്ങൾക്കായി പുറത്തുള്ളവർ ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു പെട്ടെന്ന് തന്നെ അവരുടെ നല്ല നാളുകൾ കാണിച്ചുകൊടുക്കട്ടെ. അവർക്കും മതസ്വാതന്ത്ര്യം ലഭിക്കട്ടെ.

മറ്റൊരു വലിയ ഉത്തരവാദിത്വം പാകിസ്ഥാനു പുറത്ത് താമസിക്കുന്ന അഹ്മദികളിൽ അർപ്പിതമായിട്ടുള്ളത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ ദീനീപ്രവർത്തനത്തിനായി മുന്നോട്ട് വരിക എന്നതാണ്.

ഹോളണ്ട് ഒരു ചെറിയ രാജ്യമാണ്. ഇവിടുത്തെ ഒരു രാഷ്ട്രീയക്കാരൻ ഇസ്‌ലാമിനെ അപമാനിക്കാൻ ഒരുപാട് ശ്രമങ്ങൾ നടത്തി. ഇവിടെ അഹ്മദികൾ വ്യവസ്ഥാപിതമായ രീതിയിൽ സ്ഥിരചിത്തതയോടുകൂടി തബ്‌ലീഗ് പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചിരുന്നുവെങ്കിൽ ഒരു പരിധിവരെ ഇസ്‌ലാമിനെക്കുറിച്ചുള്ള മോശമായ ചിന്താഗതിയെ ഇല്ലാതാക്കാൻ സാധിക്കുമായിരുന്നു. മറിച്ച് ഇസ്‌ലാമിന്റെ പ്രത്യേകതകൾ പ്രകടമാക്കുന്നതിനുള്ള അവസരവും ലഭിക്കുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ആഗമനത്തിന്റെ ഒരു ലക്ഷ്യം അഥവാ ഏറ്റവും വലിയ ലക്ഷ്യം റസൂൽ കരീം (സ) കൊണ്ടുവന്ന വിശുദ്ധഖുർആന്റെ രൂപത്തിൽ നമ്മുടെ പക്കൽ സുരക്ഷിതമായിരിക്കുന്ന ഹിദായത്തിന്റെയും ശരീഅത്തിന്റെയും പ്രചാരണമാണ്. ഈ സന്ദേശം ലോകത്ത് എത്തിക്കേണ്ട ജോലിയും നമ്മുടേതാണ്. ഇതിനുവേണ്ടിയും വളരെയധികം പരിശ്രമിക്കേണ്ടത് ആവശ്യമാണ്.

ഇവിടെ ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ വിവിധ സമുദായത്തിലെ ജനങ്ങൾ താമസിക്കുന്നുണ്ട്. അവരിൽ അഹ്മദികളുമുണ്ട്. ഈ സമുദായങ്ങളിൽ തബ്‌ലീഗ് പ്രവർത്തനങ്ങൾ വേഗതയിലാക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകത്ത് ജമാഅത്തുകൾ എവിടെയെല്ലാം ഈ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ടോ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ശക്തരായ സഹായികളായിക്കൊണ്ട് ഖിലാഫത്തിന്റെ ശക്തമായ കരങ്ങളായിക്കൊണ്ട് തബ്‌ലീഗിന്റെ പ്രവർത്തനങ്ങൾക്ക് വ്യാപനം നൽകിയിട്ടുണ്ടോ അവിടെയെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ പ്രസിദ്ധിക്ക് കാരണമാകുന്നതോടൊപ്പം സദ്പ്രകൃതരായ ആളുകളുടെ ശ്രദ്ധയും ജമാഅത്തിലേക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നു. വളരെ വലിയ തോതിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലയാളുകൾ പറയുന്നു. ഇവിടെയുള്ള ഭൂരിഭാഗത്തിനും മതകാര്യങ്ങളിൽ താൽപര്യമില്ല. യൂറോപ്പിൽ ഭൂരിഭാഗം രാജ്യങ്ങളിലും ഇതുതന്നെയാണ് സ്ഥിതി. എന്നല്ല പാശ്ചാത്യ രാജ്യങ്ങളിൽ മുഴുവൻ ഇത് തന്നെയാണ് സ്ഥിതി. മുഴുവൻ ക്യസ്തീയ ലോകത്തും ഇതുതന്നെയാണ് സ്ഥിതി എന്ന് പറയേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല മുസ്‌ലീംങ്ങളും നാമധാരികളായ മുസ്‌ലിംങ്ങൾ മാത്രമാണ്. അവർക്കും യാതൊരു

താൽപര്യവുമില്ല. അല്ലാഹുവിൽ വിശ്വാസമില്ല. അഥവാ അല്ലാഹുവിൽ വിശ്വാസം ഉണ്ടായിരുന്നുവെങ്കിൽ പണ്ഡിതൻമാരും അവരെ പിൻതുടരുന്നവരും സജീവമാക്കിയിരിക്കുന്ന ഈ അക്രമത്തിന്റെ മാർകറ്റ് ഒരിക്കലും ഉണ്ടാകുമായിരുന്നില്ല. ഏതായിരുന്നാലും പറയുന്നു. ഇവർക്ക് മതത്തോട് താൽപര്യമില്ല. അല്ലാഹുവിൽ വിശ്വാസമില്ല. അല്ലാഹുവിൽ വിശ്വാസം ജനിപ്പിക്കുകയെന്നതും നമ്മുടെ ജോലി തന്നെയാണ്. ഏതുപോലെയെന്നാൽ അല്ലാഹു പറയുന്നു. വിശുദ്ധ ഖുർആനെ പിൻതുടരുക. തഖ്‌വ സ്വായത്തമാക്കുക. അഥവാ നാം യഥാർഥത്തിൽ തങ്ങളുടെ മുഴുവൻ പ്രവർത്തനവുംകൊണ്ട് ഈ പരിപൂർണ്ണ ഗ്രന്ഥത്തെ പിൻതുടരുന്നവരായിത്തീർന്നാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വിശദീകരിച്ച, മുത്തഖിയുടെ ഗണത്തിൽ ഉൾപ്പെടുന്നവരായിത്തീരും. അങ്ങനെ നമ്മുടെ മാതൃക നമ്മുടെ തബ്‌ലീഗിനുള്ള മാർഗം തുറക്കുന്നതിന് കാരണമാവും. ഏതായിരുന്നാലും ഇത് ശ്രദ്ധിക്കേണ്ട കാര്യമാണ്. ശ്രദ്ധയുണ്ടായാൽ ഇൻശാ അല്ലാഹ് അല്ലാഹു അവരുടെ അവസ്ഥകൾ മാറ്റിമറിക്കുന്നതായിരിക്കും. തബ്‌ലീഗിന്റെ മാർഗങ്ങൾ അന്വേഷിക്കുന്നതിനും തഖ്‌വ തന്നെയാണ് നിബന്ധന. അതിൽ ഓരോ അഹ്മ്മദിയും ചരിക്കേണ്ടത് അനിവാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബൈഅത്തിൽ വന്ന് നാം നമ്മിൽ പരിശുദ്ധമാറ്റം ഉണ്ടാക്കും എന്ന പ്രതിജ്ഞ അത് മുന്നിൽ വെക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. നമ്മുടെ പ്രവർത്തികൾ, നമ്മുടെ പരിശ്രമങ്ങൾ, നമ്മുടെ ദുആകൾ തന്നെയാണ് ലോകത്തിന്ന് വഴികാണിക്കുന്നതിനുള്ള കാരണമാകുകയെന്ന് എപ്പോഴും ഓർത്തിരിക്കേണ്ട ആവശ്യകതയുണ്ട്. അതല്ലെങ്കിൽ ഈ കാലഘട്ടത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിനല്ലാതെ മറ്റൊരു ജമാഅത്തിനും തന്നെ യഥാർഥ ഇസ്ലാമിനെ ലോകത്ത് അവതരിപ്പിക്കാൻ സാധ്യമല്ല. ഈ ജൽസയിൽ വന്ന് കൊണ്ട് ഓരോ അഹ്മദിയും തങ്ങളുടെ ഈ മൂന്ന് ദിവസം ആത്മപരിശോധനയിലേക്ക് ശ്രദ്ധിക്കുന്നതോടൊപ്പം ഞങ്ങൾ ഇനി അല്ലാഹുവിന്റെ കടമകൾ നിറവേറ്റുന്നതിന് പരമാവധി പരിശ്രമിക്കുന്നവരായിരിക്കും എന്ന പ്രതിജ്ഞ ചെയ്യേണ്ടതിന്റെയും ആവശ്യകതയുണ്ട്. തങ്ങളുടെ സഹോദരങ്ങളോടുള്ള കടമകൾ നിറവേറ്റുന്നതിനും കഠിനമായി പരിശ്രമിക്കുന്നതായിരിക്കും. സമൂഹത്തിന്റെ ഉത്തരവാദിത്വം നിറവേറ്റുന്നവരും കഠിനമായി പരിശ്രമിക്കുന്നതായിരിക്കും. ഈ രാജ്യത്തിനോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്നതിനുവേണ്ടിയും കഠിനമായി പരിശ്രമിക്കുന്നതായിരിക്കും. ആരാണോ ഞങ്ങൾക്ക് സ്വാതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവസരം നൽകിയത്. ഈ ഉത്തരവാദിത്വം തബ്‌ലീഗിന്റെ മാർഗത്തിലൂടെയായിരിക്കും നിറവേറ്റപ്പെടുക. ഈ ഉത്തരവാദിത്വം ഇസ്ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ എത്തിക്കുന്നതിലൂടെ നിറവേറ്റപ്പെടും. ഈ ഉത്തരവാദിത്വം ഇസ്ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകളെ ഇല്ലാതാക്കുന്നതിലൂടെ നിറവേറ്റപ്പെടാം. അതുകൊണ്ട് എല്ലാ പുരുഷൻമാരും സ്ത്രീകളും വൃദ്ധന്മാരും ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പരിശ്രമിക്കുക. അപ്പോഴായിരിക്കും ഈ ഭാഗത്തേക്ക് ശ്രദ്ധയുണ്ടാവുക. അപ്പോഴായിരിക്കും വിപ്ലവം ഉണ്ടാവുക.

ദുആയിൽ മുഴുകുക. അല്ലാഹു ദുആ കാരണം അടയാളങ്ങൾ കാണിക്കുന്നു. ഒരുപാട് ജോലികൾ മനുഷ്യൻ ചെയ്യാൻ സാധിക്കാത്തത്, പൊതുവിലുള്ള തബ്‌ലീഗ് രീതിയിലൂടെ സാധിക്കാൻ കഴിയാത്തത് അല്ലാഹുവിന്റെ സമക്ഷത്തിൽ നാം കുമ്പിടുകയാണെങ്കിൽ, ഒന്നിച്ച് നാം ദുആ ചെയ്യുകയാണെങ്കിൽ അല്ലാഹു അടയാളങ്ങൾ കാണിക്കുന്നു. പിന്നീട് ആ അടയാളങ്ങൾ തന്നെ വിപ്ലവത്തിന് കാരണമായിത്തീരുന്നു. അല്ലാഹു എല്ലാവർക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ഈ ദിവസങ്ങളിൽ അല്ലാഹു ജൽസയിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിക്കും തന്റെ ജീവിതം, തന്റെ ഈ ദിവസം തന്റെ ഈ സമയം ദുആയിൽ കഴിച്ച്കൂട്ടാനുള്ള തൗഫീഖ് നൽകുമാറാകട്ടെ. അല്ലാഹു എല്ലാവർക്കും പരിശുദ്ധമാറ്റം ഉണ്ടാകുന്നതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

ജുമുആക്ക് ശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതായിരിക്കും. അത് നമ്മുടെ ഒരു പഴയ ആത്മാർഥതയുള്ള ഒരു ഉദ്യോഗസ്ഥന്റെതാണ്. ബഹുമാനപ്പെട്ട നാസിർ അഹ്മദ് സാഹിബ്, അദ്ദേഹം മുൻ മുഹാസിബും സദർ അഞ്ചുമൻ അഹ്മദിയ്യ പാക്കിസ്ഥാന്റെ അഫ്സർ പ്രൊവിഡൻസ് ഫണ്ടുമായിരുന്നു. 2012 മെയ് 13 ന് ഒരു ദീർഘകാലം രോഗിയായതിനു ശേഷം 74-ാമത്തെ വയസ്സിൽ ഇദ്ദേഹം വഫാത്തായി.

اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ

രോഗം നിമിത്തം ഇദ്ദേഹം കുറച്ച് കാലമായി കിടപ്പിലായിരുന്നു. അദ്ദേഹത്തിന്റെ കുടുംബപശ്ചാത്തലം ഇന്ത്യയിലെ ഗുരുദാസ്പൂർ ജില്ലയിലെ സേക്വാം എന്ന സ്ഥലത്താണ്. ഇദ്ദേഹത്തിന്റെ പിതാമഹൻ ഇലാഹി ബക്ശ് സാഹിബ് സേക്വാനി (റ) ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ സഹാബിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് മിയാം ചിറാഗുദ്ധീൻ സാഹിബ് 1908 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കരങ്ങളിലാണ് ബൈഅത്ത് ചെയ്തത്. പിതാവ് സേക്വാനിൽ നിന്ന് ഖാദിയാനിലേക്ക് താമസം മാറിയിരുന്നു. അദ്ദേഹം 1928 ആഗസ്റ്റിലാണ് ജനിച്ചത്. നാസിർ സാഹിബ് പ്രാരംഭ വിദ്യാഭ്യാസം ഖാദിയാനിൽ നിന്ന് കരസ്ഥമാക്കി, പിന്നീട് പാകിസ്ഥാനിലേക്ക് ഹിജ്റത്ത് പോയതിന് ശേഷം ടി.ഐ. സ്കൂൾ ചിനിയോട്ടിൽ നിന്ന് മെട്രിക്ക് പാസായി. പിന്നീട് ബി.എ വരെ വിദ്യാഭ്യാസം കരസ്ഥമാക്കി.

1956 ജൂണിൽ റബ്‌വയിലെ സദർ അഞ്ചുമൻ അഹ്മദിയ്യ വിവിധ തസ്തികകളിൽ ഉദ്യോഗസ്ഥനായി ജോലി ചെയ്തു. ഖസാന ഓഫീസിൽ വസിയ്യത്ത് ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി മജ്‌ലിസ് കാർപർദാസുമായിട്ടുണ്ട്. പിന്നീട് 1990 ൽ നാഇബ് എഡിറ്ററായി ഇദ്ദേഹത്തെ നിയമിച്ചു. 93 മുതൽ 2008 വരെ മുഹാസിബായും അഫ്സർ പ്രൊവിഡന്റ്സ് ഫണ്ടായും സേവനം ചെയ്തുകൊണ്ടിരുന്നു. ഒരു നീണ്ട കാലം ജലസാസാലാന ഓഫീസർ നാഫി ഹിസാബാത്ത് ആയും സേവനം ചെയ്യാനും തൗഫീഖ് ലഭിച്ചു.

അദ്ദേഹം വളരെയധികം പ്രത്യേകതകളുടേയും ശ്രേഷ്ടതയുടേയും ഉടമയായിരുന്നു. വളരെ കൃത്യനിഷ്ഠയോടെ നമസ്കാരത്തിനായി വരുമായിരുന്നു. രോഗാവസ്ഥയിലും ഞാൻ കണ്ടിട്ടുണ്ട് പള്ളിയിൽ നിർബന്ധമായും വരുമായിരുന്നു. തഹജ്ജുദ് നമസ്കരിക്കുന്ന ദുആ ചെയ്യുന്ന വളരെയധികം വിനയാന്വിതനായ പുഞ്ചിരിക്കുന്ന മുഖത്തോടുകൂടിയ ആത്മാർഥതയുടെ അടയാളമായ, അതിഥി സത്കാരപ്രിയനായ, തന്റെ അതിഥികളോടും സുഹൃത്തുക്കളോടും വളരെയധികം സ്നേഹത്തോടും കരുണയോടും കൂടി പെരുമാറുന്ന വ്യക്തിയായിരുന്നു. ഓർമ്മശക്തി വളരെ അധികമായിരുന്നു, മുഹല്ലയിലെ ഒരുപാട് കുട്ടികൾക്ക് വിശുദ്ധ ഖുർആൻ പഠിപ്പിച്ചിട്ടുണ്ട്. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ സ്നേഹവും വിശ്വാസവുമായിരുന്നു. മൂസിയായിരുന്നു. തന്റെ ജീവിതത്തിൽ തന്നെ സ്വത്തിന്റെ മുഴുവൻ ഭാഗവും നൽകിയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയെ കൂടാതെ രണ്ട് പെൺകുട്ടികളുണ്ട്. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്ത് ചെയ്യുമാറാകട്ടെ. തന്റെ പ്രീതിയുടെ സ്വർഗത്തിൽ ഉന്നത സ്ഥാനം നൽകുമാറാകട്ടെ.

# PRINTED BOOKS

To

From
Ahmadiyya Mission House
K.N.Road Karapparamba
Calicut -10

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 May 18 at : Nunspeet, Holland
Translation: C.P. Sulthan Naseer Mob: 09544274240

Typing: M.P.Abdul Latheef
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**